# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2616 — 06.12.2018-ൽ മറുപടിക്ക്

## കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സഹകരണ സംഘങ്ങളെയും സഹകരണ ബാങ്കുകളെയും ശക്തിപ്പെടുത്തുന്നതിനും കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | സഹകരണ സംഘങ്ങളേയും സഹകരണ ബാങ്കുകളെയും ശക്തിപ്പെടുത്തുന്നതിനും കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വർദ്ധിപ്പിക്കുന്നതിനുമായി 2018 സാമ്പത്തിക വർഷത്തിൽ നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആയിരുന്നു. ടി പദ്ധതിയിലൂടെ മരണപ്പെട്ടവരുടേയും മാരക രോഗം ബാധിച്ചവരുടേയും ഉൾപ്പെടെയുള്ളവരുടെ കുടിശ്ശികയായ വായ്പകൾ മുതലിനോടൊപ്പം പലിശ ക്രമീകരിച്ചും, കുറഞ്ഞ പലിശ നിരക്ക് അനുവദിച്ചും പിഴപ്പലിശ ഒഴിവാക്കിയും തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു. കൂടാതെ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കുടിശ്ശിക കുറയ്ക്കുന്നതിലേക്കായി രജിസ്ട്രാറുടെ അനുമതിയോടു കൂടി കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രളയത്തിന്റെ ഭാഗമായി കർഷകർക്ക് ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ടും നാശനഷ്ടങ്ങളും കണക്കിലെടുത്ത് കാർഷിക വായ്പ | (ബി) | പ്രളയത്തിന്റെ ഭാഗമായി കർഷകർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടും നാശനഷ്ടങ്ങളും കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് അംഗങ്ങൾ |

| | | | |
|---|---|---|---|
| | കൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31/07/2018 മുതൽ ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയ ബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. മോറട്ടോറിയം കാലാവധിയിലെ പിഴപ്പലിശ ഈടാക്കുന്നതല്ല. മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം /ബാങ്കിന് മോറട്ടോറിയം കാലാവധിക്ക് ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തു നൽകാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**